दूरभाष / Phone: 0481-2301231, ऐक्सटेंशन/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब् जेल रोड, कोट्टयम 686 002
केरल राज्य, भारत
प्रचार व जनसंपरक प्रभाग

THE RUBBER BOARD
(Government of India, Ministry of Commerce & Industry)
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 002
KERALA STATE, INDIA.
PUBLICITY AND PUBLIC RELATIONS DIVISION

Ref.No.48/1/(PRM-06)/2018-19/PUB

പ്രസ്സ് റിലീസ്

**റബ്ബറിന് റെയിൻഗാർഡിങ് - കോൾസെന്ററിൽ വിളിക്കാം**

കോട്ടയം
16 ഏപ്രിൽ 2018

റബ്ബർമരങ്ങൾ മഴക്കാലത്ത് റെയിൻഗാർഡ് ചെയ്തു ടാപ്പുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾ സെന്ററുമായി ബന്ധപ്പെടാം. ഈ വിഷയത്തിലുള്ള ചോദ്യങ്ങൾക്ക് 2018 ഏപ്രിൽ 18 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ ഡെപ്യൂട്ടി റബ്ബർപ്രൊഡക്ഷൻ കമ്മീഷണർ ആർ. സതീശ് ചന്ദ്രൻ ഫോണിലൂടെ മറുപടി നൽകും. കോൾ സെന്റർ നമ്പർ **0481 - 2576622**

റബ്ബറിൽനിന്നുള്ള വരുമാനം സുസ്ഥിരമായി നിലനിർത്തുന്നതിന് മഴക്കാലത്തും മുടക്കം കൂടാതെ ടാപ്പിങ് തുടരേണ്ടതുണ്ട്. അതിനായി കാലവർഷത്തിനു മുൻപേ മരങ്ങൾ റെയിൻഗാർഡ് ചെയ്യണം. ഇടവേള കൂടിയ ടാപ്പിങ് രീതി അവലംബിക്കുന്ന തോട്ടങ്ങളിൽ റെയിൻഗാർഡു ചെയ്യാതിരുന്നാൽ വലിയ അളവിൽ വിളനഷ്ടമുണ്ടാകും. ഇത്തരത്തിൽ ടാപ്പുചെയ്യുമ്പോൾ ഏറെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

റബ്ബർബോർഡ് കോൾസെന്ററിന്റെ പ്രവർത്തനസമയം തിങ്കൾ മുതൽ വെള്ളി വരെയുള്ള എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയാണ്. റബ്ബർബോർഡിന്റെ വിവിധ പദ്ധതികളെയും സേവനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ഇവിടെനിന്നു ലഭിക്കും.

ഡെപ്യൂട്ടി ഡയറക്ടർ (പി & പി ആർ)